**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-മലപ്പുറം പെരിന്തൽമണ്ണ നഗരസഭയിൽ കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1230/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/06/2020

---

പരാമർശം:- 1 സർക്കാരിന്റെ 02/03/2019 ലെ സ.ഉ(സാധാ)നം. 500/19/തസ്വഭവ നമ്പർ ഉത്തരവ്.

2 പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറിയുടെ 25/10/2019 ലെ പി.ഡബ്ല്യൂ1/5423/19 നമ്പർ കത്ത്.

3 നഗരകാര്യ ഡറക്ടറുടെ 23/03/2020ലെ ഡിസി3-23284/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ നഗരസഭ പരിധിയിൽ വരൾച്ച രൂക്ഷമായ പ്രദേശങ്ങളിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം കുടിവെള്ള വിതരണം നടത്തിയിരുന്നു. കുടിവെള്ളം വിതരണം നടത്തിയ ഇനത്തിൽ പരാമർശം 1 ലെ ഉത്തരവിൽ അനുവദിച്ച തുകയായ 16.50 ലക്ഷം രൂപയ്ക്ക് പുറമെ അധികമായി ചെലവായ 8,48,950/- രൂപ അനുവദിക്കുന്നതിന് സാധൂകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പെരിന്തൽമണ്ണ നഗരസഭാ സെക്രട്ടറിയുടെ പരാമർശം 2ലെ കത്ത് പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരിന്തൽമണ്ണ നഗരസഭയിൽ വരൾച്ച രൂക്ഷമായ പ്രദേശങ്ങളിൽ സർക്കാർ അനുമതി നൽകിയ 16.50 ലക്ഷം രൂപയ്ക്ക് പുറമെ കുടിവെള്ളം വിതരണം നടത്തിയ ഇനത്തിൽ അധികമായി ചെലവായ 8,48,950/- രൂപ (എട്ടു ലക്ഷത്തി നാൽപ്പത്തി എണ്ണായിരത്തി തൊള്ളായിരത്തി അമ്പതു രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുനിത ഐ**
**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ

സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ

ഡയറക്ടർ കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ& എ) കേരള തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസി കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by S BINDU
Date: 2020.06.23 14:04:55 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.